# രസൗഷധങ്ങളും അവയുടെ പ്രയോഗങ്ങളും

**ഡോ. ശശികുമാർ നെച്ചിയിൽ**

ഭൈഷജ്യരത്നാവലിയിൽ മാത്രം പ്രതിപാദിക്കുന്ന രസൗഷധങ്ങൾ ഉണ്ടെങ്കിൽ അതിനെപറ്റി പറയുക എന്ന കർത്തവ്യമാണ് ഇതിന്റെ സംഘാടകരെന്നെ ചുമതലപ്പെടുത്തിയിരുന്നത്. പക്ഷെ ചികഞ്ഞുള്ള വായനയിൽ അത്തരം പ്രതിപാദ്യങ്ങൾ ഇല്ല എന്നാണ് എനിക്ക് ബോധ്യപ്പെട്ടത്. എന്റെ ശ്രദ്ധയിൽപ്പെട്ട ചില കാര്യങ്ങൾ ഞാനിവിടെ പറയാം.

നമ്മൾ വളരെ അടുത്തറിയുന്ന പല യോഗങ്ങളും മറ്റുപല പേരുകളിൽ ഭൈഷജ്യരത്നാവലിയിൽ കാണാവുന്നതാണ്. ഉദാഹരണത്തിന് വെട്ടുമാറൻ ഗുളിക. ഹിംഗുളേശരസത്തിന്റെ യോഗം എടുക്കുക, അല്ലെങ്കിൽ ആനന്ദഭൈരവത്തിന്റെ യോഗം എടുക്കുക. അത് വെട്ടുമാറന്റെ യോഗം തന്നെയാണ്. അങ്ങിനെ ചില യോഗങ്ങൾ ഇതിൽകാണാം.

പിന്നെ സിദ്ധ ഔഷധങ്ങൾ. ഇതിലെ സിദ്ധ ഔഷധങ്ങൾ ഏതൊക്കെയാണ് എന്നാണ് പറയേണ്ടത്. അതാണ് പ്രധാനം എന്ന് എനിക്ക് തോന്നുന്നു. കാരണം ഇത് ഭൈഷജ്യരത്ന ആവലി തന്നെയാണ്. ഇതിൽ വളരെ കൂടുതൽ യോഗങ്ങൾ ഉണ്ട്. അപ്പോൾ ഓരോ ആൾക്കാരുടെയും മുഖത്തിൽ നിന്നും ഈ ഔഷധം ഞാൻ ഇന്ന ഘട്ടത്തിൽ ഒരു രോഗത്തിൽ ഞാൻ പ്രയോഗിച്ചപ്പോൾ ഫലം കണ്ടു എന്ന് കേൾക്കുകയാണെങ്കിൽ അത് നമ്മുടെ പ്രാക്ടീസിന് വളരെയധികം ഉപകാരപ്രദം ആവും എന്ന് എനിക്ക് അറിയാം. ജ്വരത്തിൽ ഷഡംഗം നമുക്ക് ഉപേക്ഷിക്കുവാൻ പറ്റില്ല. അതേപോലെതന്നെയാണ് വെട്ടുമാറന്റെ സ്ഥാനവും. വെട്ടുമാറൻ പ്രയോഗിക്കേണ്ട അവസ്ഥയ്ക്കും, ഷഡംഗം പ്രയോഗിക്കേണ്ട അവസ്ഥക്കും മാറ്റമുണ്ട് എന്നു മാത്രം. ഈ വെട്ടുമാറൻ പ്രയോഗിക്കേണ്ട അവസ്ഥ ഏതാണ് എന്ന് നമ്മൾ മനസ്സിലാക്കുക എന്നതാണ് നമ്മുടെ പ്രാക്ടീസിന്റെ ഒരു വിജയം എന്ന് എനിക്ക് തോന്നുന്നു.

പ്രത്യേകതയുള്ള, എനിക്ക് വളരെയധികം താൽപര്യമുള്ള കുറേ കാര്യങ്ങൾ ഇതിലുണ്ട്. സുഖചികിത്സയിൽ നിന്നും അസുഖചികിത്സയിലേക്ക് പോകുമ്പോൾ കേരളീയഗ്രന്ഥങ്ങൾ എല്ലാം തന്നെ രസൗഷധത്തിന്റെ അടുത്ത് എത്തും. അങ്ങിനെ സുഖചികിത്സയിൽ നിന്ന്, അസുഖചികിത്സയിലേക്ക് നിരന്തരം നമ്മൾ കണ്ടുവരുന്ന രോഗികളുടെ ഒരു ക്രൈസിസ് മാനേജ്മെന്റ് എന്ന ഒരു അവസ്ഥയിൽ വരുമ്പോൾ രസഔഷധങ്ങളെ നമുക്ക് നിഷേധിക്കുവാനാവില്ല. അങ്ങിനെ ആയുർവേദം പഠിച്ചതുകൊണ്ടാണ് ഞാൻ ഈ രസഔഷധത്തിൽ എത്തിയതും ഉണ്ണികൃഷ്ണപിള്ള സാർ പോലെയുള്ള ഗുരുനാഥന്മാരുടെ അടുത്ത് എനിക്ക് പഠിക്കുവാനുള്ള ഭാഗ്യവും സിദ്ധിച്ചത്.

ഭൈഷജ്യരത്നാവലിയിൽ വരുന്നതിന്റെ ഭാഗമായി രസശാസ്ത്രത്തിന്റെ ഒരു ചരിത്രം നമുക്ക് നോക്കാം. തന്ത്രമാണോ വേദമാണോ ആദ്യമുണ്ടായത് എന്ന് നമുക്കറിയില്ല. പക്ഷെ സായിപ്പ് നമുക്ക് പറഞ്ഞു തന്നു. വേദമാണ് ലോകത്ത് ആദ്യമായി ഡോക്യുമെന്റ് ചെയ്തിട്ടുള്ള സാഹിത്യകൃതി. പിന്നീട് തന്ത്രം വന്നു. പിന്നെ രസശാസ്ത്രസംഹിതകൾ വന്നു. അതിനുശേഷം രസഗ്രന്ഥങ്ങൾ വന്നു. പിന്നീട് രസഗന്ധവും ആയൂർവേദവും എന്ന സങ്കലിതരൂപം ഉണ്ടായി. ഇതല്ലാതെ നമ്മുടെ പാരമ്പര്യമായ പഠനരീതിയിൽ ശ്രദ്ധിച്ചുകൊണ്ട് നമുക്ക് ചരിത്രത്തെ ഒന്ന് വിലയിരുത്തിക്കൂടേ? അങ്ങിനെ നോക്കുമ്പോൾ നമുക്ക് അറിയാം. നമ്മൾ പ്രയോഗിക്കുന്ന ശബ്ദം നിഗമാഗമങ്ങൾ എന്നാണ്. നമ്മുടെ പാട്ടുകളിൽ (കർണ്ണാടക സംഗീതത്തിൽ) ഒക്കെ കേൾക്കാം. നിഗമാഗമങ്ങൾ എന്ന ശബ്ദം കേൾക്കാം. നിഗമങ്ങളും ആഗമങ്ങളും നമ്മളെ സംബന്ധിച്ചിടത്തോളം അനാദിയും അനന്തവും ആണ്. ഇതിൽ നിഗമങ്ങൾ എന്നുപറയുന്നത് വേദവും, ആഗമങ്ങൾ എന്നു പറയുന്നത് തന്ത്രശാസ്ത്രവും ആണ്. വേദങ്ങൾ ആത്മീയമായ കാര്യങ്ങളെ പറ്റി മനുഷ്യനെ ചിന്തിപ്പിക്കുമ്പോൾ തന്ത്രങ്ങൾ ഭൗതികലോകത്ത്

അതിനുവേണ്ട അവസരങ്ങൾ സൃഷ്ടിക്കുവാൻ ഉള്ള ഉപാധിയായി മാറുന്നുവെന്ന് മാത്രം. അങ്ങിനെ നോക്കുമ്പോൾ എല്ലാവിധ തന്ത്രങ്ങളുടെയും അവസാനഭാഗം രസശാസ്ത്രത്തിനു വേണ്ടിയുള്ളതാണ് എന്നു നമുക്ക് കാണാം. തൈത്തരീയ ഉപനിഷത്തിൽ ഒരു സന്ദർഭത്തിൽ ഇങ്ങിനെ പറയുന്നു, *"രസോ വൈസഃ രസം ലബ്ധ്യേവ, ആനന്ദീഭവതി"* വേദത്തിലെ ധാതുക്കൾക്ക് ഒരു പ്രത്യേകതയുണ്ട്. നാനാർത്ഥവാചിയാണ്. വേദത്തിലെ ഒരു ശബ്ദം, 64 തന്ത്രങ്ങളിലോ, നമ്മുടെ സയൻസിലോ, ജ്യോതിഷത്തിലോ, രസശാസ്ത്രത്തിലോ ചെല്ലുമ്പോൾ അതിന്റെ സമ്പ്രദായിക രീതി അനുസരിച്ച് അതുപോലെയുള്ള അർത്ഥം അതിന് ഗ്രഹിക്കണമെന്നാണ്. അപ്പോൾ *"രസോവൈസ"* എന്നുള്ള ശബ്ദാർത്ഥം നമ്മൾ രസത്തിലെടുക്കുമ്പോൾ രസം അവനാകുന്നു. രസം ആരാകുന്നു. രസം സാക്ഷാൽ ശിവൻ ആകുന്നു. രസം, ശിവബീജം ആകുന്നു. ശിവബീജം എന്നത് ശിവൻ തന്നെ ആകുന്നു. തോഡരാനന്ദത്തിൽ പറയുന്നുണ്ട്., രസത്തിന്റെ മാരണകർമ്മത്തെ പറ്റിപറയുമ്പോൾ പാർവ്വതി ചോദിക്കുന്നുണ്ട്. രസത്തിനെ മാരണം ചെയ്യുക എന്നത് വിഢിത്തരമല്ലെ? നിങ്ങൾ എന്തിനാണ് പൊതുജനങ്ങൾക്ക് ഈ വിഢിത്തരം പറഞ്ഞുകൊടുക്കുന്നത് എന്ന്. അപ്പോൾ ശിവൻ പറയുന്നുണ്ട്. ശരിയാണ് എന്നെ കൊല്ലുവാൻ ആർക്കും തന്നെ കഴിയുകയില്ല. പക്ഷെ മാരണം എന്നതുകൊണ്ട് ഞാൻ ഇവിടെ ഉദ്ദേശിക്കുന്നത് ഒരു മഹാമൂർച്ഛനയാണ്. ഞാൻ ഒരു ഉറക്കത്തിലേക്ക് പോവുകയാണ്. *'അത്ര സാക്ഷാൽ ശിവം രസം ലബ്ധ്യേവ ആനന്ദീ ഭവതി'* രസത്തിന്റെ ലഘുത്തത്തിൽ മാത്രമേ നമുക്ക് ആനന്ദം ഉണ്ടാവുകയുള്ളൂ എന്നുള്ളതാണ്. അപ്പോൾ യോഗത്തിന്റെ ഒരു പരമകാഷ്ഠയിൽ രസത്തിന്റെ ഒരാവശ്യം താന്ത്രിക സമ്പ്രദായം പഠിച്ചവർക്ക് അനുഭവവേദ്യമാവുന്നതാണ്. അതിനുശേഷം രസാർത്തവതന്ത്രം വരുന്നു. ഈ രസാർത്തവതന്ത്രം പൂർണ്ണ രൂപത്തിൽ ലഭ്യമാണ്. അതിൽ ദേഹവേധത്തിനെപ്പറ്റിയും ലോഹവേധത്തിനെപ്പറ്റിയും വ്യക്തമായി വിവരിച്ചിരിക്കുകയാണ്. അവിടെയൊക്കെ തന്നെ രസശാസ്ത്രം നിൽക്കുന്നത് ഒരു രോഗത്തെ മാറ്റാൻ വേണ്ടിയുള്ള ഒരു രൂപം എന്നുള്ള ഒരു രീതിയിൽ അല്ല. മറിച്ച് മനുഷ്യന്റെ ജരാനരകൾക്ക് സാക്ഷ്യം വഹിക്കാവുന്ന ഒരു ശാസ്ത്രം എന്നുള്ള രീതിയിലേക്കാണ്. അതിൽ നിന്ന് ശക്തി ഉൾകൊണ്ടുകൊണ്ടാണ് ചരകസുശ്രുതാദികൾ ആവശ്യമായ നിലയിൽ ആയുർവേദത്തിലെ സിദ്ധാന്തങ്ങൾക്കിണങ്ങുന്ന രീതിയിലുള്ള രസശാസ്ത്രപഠനം ആരംഭിച്ചത് എന്ന് എനിക്ക് തോന്നുന്നു. അങ്ങിനെ ഒരു വഴിയിൽ കൂടെ രസശാസ്ത്രപഠനങ്ങൾ പോഷിക്കപ്പെടുകയും മറുവഴിയിൽ കൂടെ സംഹിതകൾ ആ കാലഘട്ടത്തിനനുസരിച്ച് രസശാസ്ത്രത്തിൽ നിന്നും രസത്തിന്റെ ജ്ഞാനത്തെ ആവാഹിക്കുകയും ചെയ്തിട്ടുണ്ട്. രസരത്നസമുച്ചയത്തിൽ എത്തുമ്പോഴേക്കും ഈ സങ്കലനം വളരെ രൂഢമൂലം ആകുന്നു. അവിടെ ഓരോ പ്രത്യേകരോഗാവസ്ഥയ്ക്കും വേണ്ടിയിട്ടുള്ള രസങ്ങളുടെ രൂപത്തെ പറ്റി പറയുന്നു. അങ്ങിനെ വന്ന് വന്ന് ഭൈഷജ്യരത്നാവലി എത്തുമ്പോൾ രസം എന്നുപറഞ്ഞാൽ ഭൗമമായിട്ടുള്ള ദ്രവ്യങ്ങൾ എന്നതിലുപരി നമ്മൾ രസവർഗ്ഗങ്ങളെ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. വിഷവുമുണ്ട്, സവിഷമായ സസ്യങ്ങളുണ്ട്. അതുപോലെ ജാംഗമമായിട്ടുള്ള സർപ്പവിഷം മുതലായ വസ്തുക്കളുണ്ട്. അപ്പോൾ രസശാസ്ത്രങ്ങളുടെ ഒരു പരിണാമം അഥവാ വികാസം നോക്കുമ്പോൾ ആദ്യം ഭൗമദ്രവ്യങ്ങൾ നമ്മൾ ഉപയോഗിച്ചു, ഖനിജ ദ്രവ്യങ്ങൾ നമ്മൾ ഉപയോഗിച്ചു, പിന്നീട് സവിഷമായ സസ്യഭാഗങ്ങൾ നമ്മൾ ഉപയോഗിച്ചു, വൽസനാഭം, ഗുഞ്ജ, കാരസ്കരം, ഭല്ലാതകം പോലെയായിട്ടുള്ള വസ്തുക്കളും ഉപയോഗിച്ചു. അങ്ങിനെ ഭൈഷജ്യരത്നാവലിയുടെ കാലത്തിലേക്ക് വരുമ്പോഴേക്കും, ജാംഗമദ്രവ്യങ്ങളും കൂടിവരുന്നു. ശാർങ്ഗധരസംഹിതയിലേക്ക് വരുമ്പോൾ നമുക്ക് നോക്കാം, സൂചികാഭരണരസത്തിന്റെ പ്രാധാന്യം അവിടെ പറയുന്നുണ്ട്. സൂചികാഭരണരസത്തിൽ വത്സനാഭിയും, സർപ്പവിഷവും, മയിൽ തുടങ്ങിയ ജീവികളുടെ പിത്തങ്ങളും മറ്റും ചേർത്ത ഒരു രൂപത്തിലാണ് അത് എത്തി നിൽക്കുന്നത്. അങ്ങിനെ പരിണാമത്തിന്റെ ചിത്രം വ്യക്തമായി നമുക്ക് വായിച്ചെടുക്കാൻ കഴിയും.

ഇതിൽ ഒട്ടനവധി രോഗങ്ങൾ ഉള്ളതുകൊണ്ട് ഞാൻ ചികിത്സയിൽ ഉപയോഗപ്പെടുത്തുന്നതും ഫലം കണ്ടിട്ടുള്ളതുമായ യോഗങ്ങളെപറ്റി ഞാൻ പറയാം.

ഗ്രഹണിയിൽ 'പർപ്പടീകൽപ്പം' എന്നൊരു പ്രയോഗം ഉണ്ട്. ഗ്രഹണിയിൽ പല പർപ്പടികളെ പറ്റി പറയുന്നുണ്ട്. രസപർപ്പടി, ഗഗനപർപ്പടി, പഞ്ചാമൃത പർപ്പടി തുടങ്ങിയവ. നമ്മൾ പർപ്പടി അഞ്ചുദിവസം കൊടുത്തു അല്ലെങ്കിൽ 10 ദിവസം കൊടുക്കുന്നു. ആ രീതിയിലല്ലാതെ ഈ പർപ്പടീകൽപന ഒരു സവിശേഷമായ രീതിയിൽ പ്രയോഗിക്കാം. അത് ജാംനഗറിൽ ഒക്കെ തന്നെ വളരെ നന്നായി പ്രയോഗിക്കുന്ന രീതിയാണ്. വാതികഗ്രഹണിയിൽ നല്ല ഫലം കണ്ടിട്ടുള്ള രീതിയാണ്. അതിന്റെ ഒരു രീതി വിവരിക്കുവാൻ ഞാൻ സാറിനോട് അപേക്ഷിക്കുകയാണ്. വളരെ രസകരവും സവിശേഷവുമായ ഒരു രീതിയാണത്.

**ഹിംഗുളേശ്വര രസം**

ജ്വരത്തിൽ നമ്മൾ ഹിംഗുളേശ്വരരസത്തിനെ പറ്റി പറഞ്ഞു. അത് ഏകദേശം വെട്ടുമാറന്റെ രൂപത്തിലേക്കാണ് വരുന്നത്. പിന്നെ ജ്വരത്തിന്റെ മരുന്നുകൾ വരുമ്പോൾ തന്നെ വിരേചനപ്രാധാന്യത്തോടുകൂടിയ അതായത് ശോധനവും, ശമനവും ചേർത്തിണക്കിയ എന്നൊക്കെ പറയാവുന്ന രീതിയിൽ ഉള്ള ചില യോഗവിശേഷങ്ങൾ നമുക്ക് അതിൽ കാണാം. നമ്മുടെ ജയപാളങ്ങളുടെ പ്രയോഗം. ഇച്ഛാഭേദിരസം ഇവ ജ്വരചികിത്സയിൽ കാണാം.

**മൃത്യുഞ്ജയരസം**

ഇത് ഏറ്റവും ഫലപ്രദമായി കണ്ടിട്ടുള്ളത് ശ്ലിപദത്തിലെ ജ്വരത്തിലാണ്. ശ്ലിപദത്തിലെ ജ്വരം പിടിച്ചുനിറുത്തുവാൻ ഏറ്റവും വിഷമമുള്ളതാണ്. ശ്ലീപദത്തിലെ ജ്വരത്തിൽ മൃത്യുഞ്ജയരസം, കുരുമുളക് കഷായത്തിൽ കൊടുത്ത് വളരെ നല്ല ഒരു ഫലം എനിക്ക് കിട്ടിയിട്ടുണ്ട്.

സൂചികാഭരണരസത്തിന്റെ പ്രയോഗം ഞാൻ പറഞ്ഞു. സൂചികാഭരണരസത്തിന്റെ പ്രയോഗം വളരെ വിശേഷമാണ്. സർപ്പവിഷമാണ് അതിലത്തെ മീഡിയം. ഈ സർപ്പവിഷത്തിന് ശുദ്ധിപറയുന്നുണ്ട്. ഭൈഷജ്യരത്നാവലിയിൽ ടീകയിൽ തന്നെ അത് പറയുന്നുണ്ട്. സർഷപതൈലം ചേർത്ത് അരച്ച് ഭാവന ചെയ്തുകൊണ്ടാണ് ശുദ്ധീകരിക്കുവാൻ പറയുന്നത്. അങ്ങിനെ ശുദ്ധീകരിച്ച വിഷം, മറ്റു ഔഷധങ്ങളും ചേർത്ത് അരച്ച്, സൂചിയുടെ അഗ്രത്ത് പറ്റിപിടിക്കുന്ന ഔഷധം ശിരസ്സിൽ നമ്മൾ പ്രിക്ക് ചെയ്ത് അവിടെ വച്ച് തേയ്ക്കുകയാണ് ചെയ്യുന്നത്. വിഷത്തിന് യോഗവാഹിത്വം ഉള്ളതുകൊണ്ട് അതിന്റെ ഒപ്പം ചേർന്നിരിക്കുന്ന ഔഷധങ്ങൾ ശരീരത്തിൽ മുഴുവൻ വ്യാപിക്കുകയും പെട്ടെന്ന് ഫലസിദ്ധിയുണ്ടാവുകയും ചെയ്യും. സ്ട്രോക്കിലൊക്കെ ഇത് വളരെ വിജയകരമായി ഉപയോഗിക്കാവുന്ന ഒരു മരുന്നാണ്. സൂചികാഭരണരസമുണ്ടാക്കി പ്രിക്ക് ചെയ്യാതെ ഉപയോഗിച്ചതുകൊണ്ടും സ്ട്രോക്കിൽ ഫലം കാണാറുണ്ട്. രക്തസമ്മർദ്ദം കുറയ്ക്കാനും, രക്തസ്രാവം കൊണ്ടുള്ള cerebral oedema കുറയ്ക്കുക എന്നിവ വളരെ വേഗം സാദ്ധ്യമാകുന്നു. പക്ഷേ ഇവയെല്ലാം വളരെ കരുതലോടെ ചെയ്യേണ്ടതാണ്. അഗദതന്ത്രത്തിൽ പറയുന്ന കാലഭഞ്ജനം എന്നു പ്രയോഗം തന്നെയാണിത്.

**പഞ്ചവക്ത്രരസം**

ഏകദേശം വെട്ടുമാറന്റെ യോഗം പോലെ തന്നെയാണ്. നവജ്വരത്തിൽ ഇതിന്റെ പരീക്ഷണങ്ങളിൽ നല്ല ഫലം ലഭിച്ചിട്ടുണ്ട്.

**കഫകേതുരസം**

കഫകേതുരസം, ബൃഹത്കഫകേതുരസം എന്നിങ്ങനെയുള്ള രണ്ടുമൂന്നു യോഗങ്ങളെക്കുറിച്ച് ഭൈഷജ്യരത്നാവലിയിൽ പറയുന്നുണ്ട്. chest infection ൽ നല്ല ഫലം ചെയ്യുന്നുണ്ട്.

**അർദ്ധനാരീശ്വരരസം**

ജ്വരത്തിലാണ് ഇത് വിധിയ്ക്കുന്നത്. അഞ്ജനം, നസ്യം എന്നീ രൂപത്തിൽ ഉപയോഗിയ്ക്കാനാണ് വിധി. ഇടത് ഭാഗത്ത് അഞ്ജനം ചെയ്താൽ വലതുഭാഗത്തെ ജ്വരം മാറുമെന്നും വലതുഭാഗത്ത് അഞ്ജനം ചെയ്താൽ ഇടതു ഭാഗത്തെ ജ്വരം മാറുമെന്നും പറയുന്നു. ദ്രവ്യങ്ങളെല്ലാം മർദ്ദനം ചെയ്ത ശേഷം black cobra യുടെ ഉള്ളിൽ നിറച്ച് അതിനെ പുടം ചെയ്തെടുക്കുന്ന മഷിയാണ് ഇതിനുപയോഗിയ്ക്കുന്നത്.

ചിലസിദ്ധപ്രയോഗങ്ങളിൽ Black cobra യെ കൊന്ന് മഞ്ഞൾ തേച്ച് ഉണക്കിയെടുക്കുന്ന മാംസം ഗുളികയുടെ സമഭാഗമായി ചേർത്ത് സന്നിപാതജ്വരങ്ങളിൽ ഉപയോഗിയ്ക്കാറുണ്ട്. അപ്പോൾ ഇതിനും ആ രീതിയിലുള്ള ഫലം ഉണ്ടാവുമല്ലോ.

**ജയമംഗളരസം**

ജ്വരത്തിൽ വിധിച്ചിട്ടുള്ള ഈ ഔഷധം പ്രൈമറി കോംപ്ലക്സിൽ സദ്യഃഫലപ്രദമാണ്. ഏതുതരം ജ്വരത്തിലും ഇത് ഉപയോഗിച്ചാൽ ഫലം നിസ്സംശയമാണ്. ഉദാഹരണമായി ഒരു രോഗിയ്ക്ക് ഉരസ്സിൽ കഫം കെട്ടി പ്ലൂരിസിപോലെ വന്നു. മാൻഡോക്സ് ടെസ്റ്റ് നെഗറ്റീവായിരുന്നെങ്കിലും ഡോക്ടർമാർ ടി. ബിയാണെന്ന് രോഗനിർണ്ണയം ചെയ്തു. പതിനാല് ദിവസം ഈ മരുന്ന് കൊടുത്തപ്പോൾ ESR കുറഞ്ഞു. ഭൈഷജ്യരത്നാവലിയിൽ രാജയക്ഷ്മാചികിത്സയിൽ പറയുന്ന ദ്വിപഞ്ചമൂലീ,മഗധാ, ചതുർജ്ജാതം ഇവ ചേർത്തു വെയ്ക്കുന്ന കഷായം, തിപ്പലി പാവ് എന്നിവ ചേർത്ത് കൊടുത്തപ്പോൾ പൂർണ്ണമായും ഭേദമായി. ടിബിയ്ക്കൊക്കെ മറ്റൗഷധങ്ങളോടുകൂടി കൊടുക്കാവുന്ന ഒരു ദ്രവ്യമാണ് ജയമംഗളരസം.

**ചന്ദ്രകലാരസം**

പിത്തജ്ജ്വരത്തിലും രക്തപ്രദരത്തിലും ഉപയോഗിയ്ക്കാവുന്ന ദ്രവ്യമാണ് ചന്ദ്രകലാരസം. ചന്ദ്രകലാരസത്തിന്റെ വിവരണത്തിൽ പറയുന്നു ഏത് ആമാവസ്ഥയിലും ഇതുപയോഗിയ്ക്കാമെന്ന്. ഡെങ്കിപ്പനിയിൽ ഈ ഔഷധം കൊടുത്തു നോക്കാവുന്നതാണെന്നെനിയ്ക്കു തോന്നുന്നു.

**അഗ്നിതുണ്ഡീരസം.**

വിലപിടിച്ച ദ്രവ്യമായ അതിവിടയം ഇല്ലാത്തതും വളരെയധികം പാചനം തരുന്നതും വേദനാപ്രശമനമായ കാരസ്കരം ഉള്ളതുമായ ഈ ഔഷധം അഗ്നിമാന്ദ്യത്തിൽ വളരെ ഫലപ്രദമാണ്.

ഭൈഷജ്യരത്നാവലിയിലെ കാസചികിത്സയിൽ പറഞ്ഞിട്ടുള്ള മനയോല അടങ്ങിയ ഒരു ധൂമവർത്തി വളരെ ഫലപ്രദമാണ്. കാസത്തിനു പുറമേ acute sinusitis ലും ഇത് സദ്യഃഫലദായകമാണ്.

Chronic bronchitis നുള്ള ഏറ്റവും നല്ല ഉത്തരം രജതഭസ്മമാണ്.

ശ്വാസചികിത്സയിൽ നാഗാർജ്ജുനാഭ്രം-ഇതൊരു സഹസ്രപുടി അഭ്രമാണ്. ഇത് ഹൃദ്രോഗത്തിലും വിവരിയ്ക്കുന്നുണ്ട്.

ഉന്മാദത്തിൽ കൃഷ്ണധത്തൂരബീജവും പർപ്പടിയും ചേർത്തൊരു പ്രയോഗം പറയുന്നുണ്ട്. കണ്ണങ്കുളങ്ങര കൃഷ്ണൻകുട്ടിവൈദ്യർ ഉന്മാദരോഗിയിൽ ധത്തൂരബീജം ശുദ്ധിചെയ്തശേഷം ചെറിയൊരു മാത്ര കൊടുക്കും. അപ്പോൾ ടോക്സിസിറ്റി ഉണ്ടായി കൺവൽഷനുകളും പതയും വരും. ഈ സമയത്ത് അദ്ദേഹം കൈപിടിച്ചുകൊണ്ടിരിയ്ക്കും. പിത്തനാഡി മന്ദമാകുമ്പോൾ ആയിരം കുടമാടും, ആയുർവേദത്തിലെ ഷോക്ക് ട്രീറ്റ്മെന്റ്.

**ബൃഹത്വാതചിന്താമണി രസം**

പക്ഷാഘാതത്തിൽ വളരെ ഫലപ്രദമാണ്. ഹെർപ്പിസ്സിൽ ഉണ്ടാവുന്ന വേദന നിർത്താൻ ഇതിന് നല്ല കഴിവുണ്ട്. Dichlophinac sodium കൊടുത്താൽ പോലും ഒതുങ്ങാത്തവേദന ബൃഹത്വാതചിന്താമണി കൊടുക്കുമ്പോൾ കുറയുന്നുണ്ട്.

വാതരക്തത്തിൽ താളകഭസ്മം, വിഷതിന്ദൂകതൈലം ഇവ ഫലപ്രദമാണ്.

ആമവാതത്തിൽ കാർപ്പാസാസ്ഥ്യാദി സങ്കരസ്വേദം ധാന്യാമ്ലത്തിൽ ചേർത്തു ചെയ്യുവാൻ പറയുന്നുണ്ട്. അശ്മരിയിൽ ത്രിവിക്രമരസം ചെറുനാരകത്തിന്റെ വേരിന്റെ പൊടിയും ചൂടുവെള്ളവും ചേർത്ത് കൊടുക്കാൻ പറയുന്നുണ്ട്. ഇത് അശ്മരിയിൽ മാത്രമല്ല മൂത്രകൃച്ഛ്റത്തിലും വളരെ ഫലപ്രദമാണ്.

പ്രമേഹത്തിൽ വസന്തകുസുമാകരരസം, വംഗേശ്വരരസം ഇവ വളരെ ഫലപ്രദമാണ്. ഇവ കൊടുത്താൽ Blood sugar level താഴുകയില്ല, വ്രണങ്ങൾ ഉണങ്ങാൻ വളരെ നല്ലതാണ്. ഇനി ഒരാളുടേയും diabetic foot മുറിച്ചുകളയരുത് എന്ന മുദ്രാവാക്യവുമായി മുന്നോട്ടുപോകാൻ വംഗേശ്വരരസം നമ്മളെ സഹായിക്കും. ഉദാഹരണമായി ചില വിരലുകൾ മുറിച്ചു കളഞ്ഞു, അതു കഴിഞ്ഞ് ഹൈയർ ആംപ്യൂട്ടേഷൻ വേണമെന്ന് പറഞ്ഞ സന്ദർഭങ്ങളിൽ വംഗേശ്വരരസം ഫലപ്രദമായിരുന്നു. Skin grafting ചെയ്തു grafting reject ചെയ്ത സന്ദർഭങ്ങളിലും ഇത് ഫലപ്രദമായി കണ്ടതിന്റെ ഫോട്ടോകൾ ഞാൻ സൂക്ഷിച്ചിട്ടുണ്ട്. പ്രമേഹപിടക, മകരധ്വജം, വംഗം ഇവ കൊടുക്കുകയും കുറച്ചു ജളൂകയും കൂടി ചെയ്താൽ വളരെ രസകരമായി കൈകാര്യം ചെയ്യാവുന്നതാണ്.

ശ്ലീപദത്തിൽ നിത്യാനന്ദരസം കൊടുക്കാം.

ഭഗന്ദരത്തിൽ ഒരു ഭൂനാകചൂർണ്ണലേപം പറയുന്നു. ഈ യോഗത്തിനോട് ഏകദേശം സാമ്യം വഹിയ്ക്കുന്ന ഒരു യോഗം സിദ്ധയിലുണ്ട്. ഇത് ഭഗന്ദരപിടകയിലും മറ്റു പിടകയിലുമൊക്കെ പിടക പൊട്ടിയ്ക്കാനും അതിനുള്ളിലുള്ളതിനെ പുറത്തെടുക്കാനും ഉണക്കാനുമൊക്കെ വളരെ ഫലപ്രദമാണ്. അതുകൊണ്ട് ഭൂനാഗചൂർണ്ണലേപവും ഇത്തരം അവസ്ഥകളിൽ വളരെ ഫലപ്രദമാവുമല്ലോ.

രസമാണിക്യം കുഷ്ഠത്തിലും സിദ്ധമകരധ്വജം രസായനാധികാരത്തിലും വിവരിയ്ക്കുന്നുണ്ട്.